സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം
**സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ)**
എസ്.എസ്.എ. ഭവൻ, നന്ദാവനം, തിരുവനന്തപുരം - 695 033
ഫോൺ : 0471-2320826, 2320352, 2320703. ഇ-മെയിൽ : ssakerala@gmail.com

## പരസ്യം

കേരളത്തിലെ 2200 ഓളം അംഗീകൃത പ്രീ-സ്കൂളുകളിൽ ഭാഷാ വികാസ ഇടങ്ങൾ സജ്ജീകരിക്കുന്നതിനായി വായനാ സാമഗ്രികൾ ലഭ്യമാക്കുന്നതിന് മലയാള ബാലസാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നു. പ്രസാധകരിൽ നിന്നും താല്പര്യപത്രവും സ്പെസിമെൻ കോപ്പികളും ക്ഷണിക്കുന്നു. ഫെബ്രുവരി 25 ന് മുമ്പായി താല്പര്യപത്രവും സ്പെസിമെൻ കോപ്പികളും സമഗ്ര ശിക്ഷാ, കേരള സ്റ്റേറ്റ് പ്രോജക്ട് ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ടി വിഷയം സംബന്ധിച്ച വിശദവിവരം സമഗ്ര ശിക്ഷാ, കേരളയുടെ ഔദ്യോഗിക വെബ്സൈറ്റിൽ (ssakerala.in) ലഭ്യമാണ്.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്കുവേണ്ടി

സംസ്ഥാന പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം
**സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ)**
എസ്.എസ്.എ. ഭവൻ, നന്ദാവനം, തിരുവനന്തപുരം 695 033
ഫോൺ : 0471-2320826, 2320352, 2320703. ഇ-മെയിൽ: ssakerala@gmail.com

നം. എഫ്3/5000/2022/SSK/Stars

തീയതി :15/02/2023

പ്രേഷക

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ,
സമഗ്രശിക്ഷ, കേരളം.

സ്വീകർത്താവ്

എല്ലാ പുസ്തക പ്രസിദ്ധീകരണ ശാലകൾക്കും

സർ,

വിഷയം: സമഗ്ര ശിക്ഷാ കേരളം - വായനാ സാമഗ്രികൾ -ലഭ്യമാക്കുന്നത് - - സംബന്ധിച്ച്.

സൂചന: സ്റ്റേറ്റ് പ്രോഗ്രാം ആഫീസർ ശ്രീ.അമുൽറോയി.ആർ.പിയുടെ 11/01/2023 ലെ കുറിപ്പ്.

സ്റ്റാർസ് വാർഷിക പദ്ധതി-2022-23, SIG-1 കംപോണന്റിൽ ഉൾപ്പെടുത്തി ഭാഷാ വികാസ ഇടങ്ങൾ സജ്ജീകരിക്കുന്നതിലേക്കായി,ചുവടെ പറയുന്ന വായനാ സാമഗ്രികൾ ഓരോ പ്രീ സ്കൂളിലും സജ്ജീകരിക്കേണ്ടതുണ്ട്.

1. സചിത്ര കഥകൾ
2. സചിത്ര ഗാനങ്ങൾ/കവിതകൾ
3. ചിത്ര കഥകൾ
4. കഥകൾ/സംഭാഷണം/വിവരണം തുടങ്ങിയവ വികസിപ്പിക്കാൻ സഹായകമായ സംഭവ/സന്ദർഭങ്ങളടങ്ങിയ ചിത്രീകരണങ്ങൾ
5. വിവിധ പ്രമേയങ്ങളുമായി ബന്ധപ്പെട്ട ഫോട്ടോകൾ
6. ബാലമാസികകൾ
7. കഥാ പോസ്റ്ററുകൾ
8. കുട്ടിക്കവിതാ പോസ്റ്ററുകൾ
9. ത്രിമാന പുസ്തകങ്ങൾ
10. ഗോത്രവിഭാഗം, ഇതര ഭാഷക്കാരായ കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള ദ്വിഭാഷ സാമഗ്രികൾ.

കേരളത്തിലെ 2200 ഓളം അംഗീകൃത പ്രീ സ്കൂളുകളിൽ ഭാഷാവികാസ ഇടങ്ങൾ സജ്ജീകരിക്കുന്നതിനായി മേൽ വിവരിച്ച തരത്തിലുള്ള വായനാ സാമഗ്രികൾ ലഭ്യമാക്കുന്നതിന് മലയാള ബാല സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കുന്ന പ്രസാധകരിൽ നിന്നും താല്പര്യ പത്രവും സ്പെസിമെൻ കോപ്പികളും ക്ഷണിക്കുന്നു. പ്രസാധകർ സമർപ്പിക്കേണ്ട വായനാ സാമഗ്രികൾ സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. 3 മുതൽ 6 വരെ പ്രായത്തിലുള്ള കുട്ടികൾക്ക് അനുയോജ്യമായിരിക്കണം.
2. ആകർഷകമായ ചിത്രീകരണം (ചിത്ര വായനക്കുകൂടി സഹായമായിരിക്കണം)
3. വർണ്ണ വിന്യാസം, ലേഔട്ട് എന്നിവ കുട്ടികളുടെ മനസ്സറിഞ്ഞായിരിക്കണം.
4. ഭാഷ ലളിതമായിരിക്കണം, വിനിമയ ക്ഷമതയെ സാരമായി ബാധിക്കുംവിധമുള്ള ഭാഷാരീതി പാടില്ല. ചെറുവാക്യങ്ങൾ അഭികാമ്യം.
5. ഉള്ളടക്കം ഭാവന ഉണർത്താൻ സഹായകമാകണം. വീണ്ടും വീണ്ടും വായിക്കണമെന്ന് കുട്ടിയിൽ ആഗ്രഹം ജനിപ്പിക്കുന്ന വിസ്മയകരമായ കഥാഗതി.
6. ഏതെങ്കിലും തരത്തിലുള്ള വിവേചനങ്ങളോ പുരോഗമന സമൂഹത്തിന്റെ മൂല്യബോധത്തെ ദുർബലപ്പെടുത്തുന്ന സൂചനകളോ പാടില്ല.
7. ജൻഡർ സംബന്ധമായ വാർപ്പ് മതൃകകളെ അരക്കിട്ടുറപ്പിക്കുന്ന ചിത്രങ്ങളോ പരാമർശങ്ങളോ ഇല്ല എന്നുറപ്പാക്കേണ്ടതാണ്.
8. വരച്ച് യോജിപ്പിക്കൽ, നിറം നൽകൽ തുടങ്ങി ഒറ്റത്തവണമാത്രം ഉപയോഗിക്കാവുന്നത് ഒഴിവാക്കേണ്ടതാണ്.
9. അക്ഷര വലുപ്പം ചെറിയ കുട്ടികളെ പരിഗണിക്കുന്നതായിരിക്കണം
10. കട്ടി കടലാസിലും ആർട്ട് പേപ്പറിലുള്ളതിനും പരിഗണന നൽകണം.
11. കേരളത്തിന്റെ സംസ്കാരിക വൈവിധ്യത്തെ പ്രതിഫലിക്കുന്നതിന് സഹായകരമാകണം.

12. പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.കമ്മിറ്റി തിരഞ്ഞെടുക്കുന്ന പുസ്തകങ്ങളിൽനിന്നും ഏതൊക്കെ വാങ്ങണമെന്നതു സംബന്ധിച്ച് തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം സ്കൂളുകൾക്കു നൽകുന്നു. ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ചട്ടങ്ങളിൽ സൂചിപ്പിക്കുന്ന കമ്മീഷൻ കുറച്ചുള്ള തുകയാണ് വിലയായി സൂചിപ്പിക്കേണ്ടത്. ഫെബ്രുവരി 25 ന് മുമ്പായി താല്പര്യ പത്രവും സ്പെസിമെൻ കോപ്പികളും ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്കുവേണ്ടി

R.S